● ഡോ. അബ്ദുൽ മജീദ് ഉമർ നജ്ജാർ



# പരിസ്ഥിതിയുടെ ആത്മീയ – സൗന്ദര്യ മാനങ്ങൾ ഖുർആനിൽ

**ഒരു ചിത്രകാരൻ വരയ്ക്കുന്ന ചിത്രം അത് വരയ്ക്കാൻ ഉപയോഗിച്ച പദാർത്ഥങ്ങളേക്കാളും വർണങ്ങളേക്കാളും വരകളേക്കാളും, ആശയങ്ങളും മാനങ്ങളും പ്രകാശിപ്പിക്കുന്ന പോലെ, ഒരാൾ തന്റെ സുഹൃത്തിന് കൈമാറുന്ന പാരിതോഷികം അതിന്റെ ഭൗതിക മൂല്യത്തേക്കാൾ കവിഞ്ഞുനിൽക്കുന്നപോലെ, പരിസ്ഥിതിയുടെ ഭൗതിക ഭാവത്തേക്കാൾ പ്രകടവും പ്രധാനവുമാണ് അതിന്റെ ആത്മീയ മൂല്യം. ഭൗതിക പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും അവയുടെ ഭൗതിക മാനങ്ങളേക്കാൾ കവിഞ്ഞ ധാരാളം മാനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഇവയേയാണ് നാം പരിസ്ഥിതിയുടെ ആത്മീയ – സാംസ്കാരിക യാഥാർഥ്യമെന്ന് പരിചയപ്പെടുത്തുന്നത്.**

ജീവിതം സാക്ഷാൽക്കരിക്കുന്നതിന് മനുഷ്യനെ സഹായിക്കുന്നത് അവൻ ജീവിക്കുന്ന പരിസ്ഥിതിയാണ്. മനുഷ്യൻ പരിസ്ഥിതിയുടെ ഭാഗമാണെങ്കിലും ഇതര ജീവികളിൽ നിന്ന് അവനെ വ്യത്യസ്തനാക്കുന്ന ഒരു ഘടകം അവനിൽ നിക്ഷിപ്തമാണ്. പരിസ്ഥിതിയെ കേവല ഭൗതിക സ്വത്വം എന്നതിനപ്പുറം എങ്ങനെ സമീപിക്കണമെന്ന ധൈഷണിക ചിന്തയാക്കി മാറ്റാൻ മനുഷ്യനു മാത്രമെ കഴിയുകയുള്ളൂ എന്നതാണാ ഘാടകം.

മനുഷ്യനൊഴികെയുള്ള എല്ലാ പരിസ്ഥിതി ഘടകങ്ങളും പരിസ്ഥിതിയുമായി ഇടപഴകുന്നത് പ്രകൃത്യാ അവയിൽ നിക്ഷിപ്തമായ യാന്ത്രിക നിർബന്ധിതാവസ്ഥയനുസരിച്ചാണ്. ജീവികളാകട്ടെ, ദൈവികമായി തോന്നിപ്പിക്കപ്പെടുന്ന പ്രകൃതിയനുസരിച്ചും. എന്നാൽ രൂപപ്പെടുത്തിയെടുക്കുന്ന കാഴ്ചപ്പാടുകൾക്കനുസരിച്ച് പരിസ്ഥിതിയിൽ ഇടപെടാൻ കഴിയുന്ന ഏക ജീവി മനുഷ്യൻ മാത്രമാണ്. അതുകൊണ്ടുതന്നെ, പരിസ്ഥിതി വിഷയകമായി മനുഷ്യൻ ആവിഷ്കരിക്കുന്ന കാഴ്ചപ്പാടിന് അവന്റെ പാരിസ്ഥിതിക നിലപാടുമായി അതിപ്രധാനമായ

ബന്ധമുണ്ട്. വിശിഷ്യ, ഏതൊരു ഭൗതിക വിഷയവുമായും ബന്ധപ്പെട്ട ധൈഷണിക രൂപം അതിന്റെ ഭൗതിക തലത്തിൽ മാത്രം പരിമിതമാവില്ല. ഭാവന, മതം മുതലായ ഭൗതികേതര ഘടകങ്ങളും അതിനെ സ്വാധീനിക്കും. പരിസ്ഥിതിയെക്കുറിച്ച ധൈഷണിക ധാരണയെ ഇത് സ്വാധീനിക്കുമ്പോൾ അതിനനുസരിച്ച സമീപനമായിരിക്കും അയാളിൽ നിന്നുണ്ടാവുക. ചുരുക്കത്തിൽ, പരിസ്ഥിതിയുടെ യാഥാർഥ്യത്തെക്കുറിച്ച് മനുഷ്യന്റെ കാഴ്ചപ്പാടെന്തോ, അതിനനുസരിച്ചായിരിക്കും അതിന്റെ നേരെ അവന്റെ സമീപനം എന്നർഥം.

മറ്റുമേഖലകളിലെന്നപോലെ, പാരിസ്ഥിതിക വിഷയകമായും ഇസ്‌ലാം മനുഷ്യനെ നിർബന്ധിക്കുന്നില്ല. അതേസമയം, അതിന്റെ വ്യവസ്ഥക്കനുരോധമായ രീതിയിൽ സമീപിക്കാനാവശ്യമായ മാർഗദർശനം നൽകുന്നു. പരിസ്ഥിതിക്ക് ദോഷകരമായ സകല നിലപാടുകളിൽ നിന്നും പിൻമാറാൻ ആവശ്യപ്പെടുന്നു. ഇതോടെ, പരിസ്ഥിതിയിലെ ഇതര ഘടകങ്ങളിൽ നിന്ന് വ്യത്യസ്തമായി, നിർബന്ധിതമായി വഴങ്ങേണ്ടതിനുപകരം, സ്വമേധയാ തെരഞ്ഞെടുക്കുന്നതാണ് മനുഷ്യന്റെ മാർഗം. പാരിസ്ഥിതിക ഘടകങ്ങളുടെ ഭൗതിക ഘടനകളുടെ വിശദാംശങ്ങൾ ഇസ്‌ലാം ധൈഷണികമായ കണ്ടെത്തലുകൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. അവയുടെ സാംസ്കാരിക മൂലാധാരങ്ങളാണ് ഇസ്‌ലാം കൈകാര്യം ചെയ്തിരിക്കുന്നത്. പരിസ്ഥിതിയുടെ ഭൗതിക യാഥാർത്ഥ്യത്തിനപ്പുറം ശാഖോപശാഖകളായി വികസിച്ചു നിൽക്കുന്ന ആത്മീയ സ്വഭാവത്തോട് കൂടിയ ആശയ സത്യങ്ങളെയാണ് പരിസ്ഥിതിയുടെ സാംസ്കാരിക വശങ്ങൾ എന്നത്കൊണ്ട് നാം ഉദ്ദേശിക്കുന്നത്.

പരിസ്ഥിതി യാഥാർത്ഥ്യത്തിന്റെ സാംസ്കാരിക മൂല്യങ്ങളെ ഇസ്‌ലാമിക ദൃഷ്ട്യാ മനസ്സിലാക്കുമ്പോൾ രണ്ട് അടിസ്ഥാന രേഖകൾ തെളിഞ്ഞുകിട്ടും. (ഒന്ന്) വിഷയത്തിന്റെ ആത്മീയ വശം. (രണ്ട്) ഭൗതികവശം. ഇസ്‌ലാമികാധ്യാപന പ്രകാരം നാഗരികമായി അവ എങ്ങനെ പ്രായോഗികമാക്കാം എന്ന അന്വേഷണമാണ് ചുവടെ:

**പരിസ്ഥിതിയുടെ ആത്മീയ യാഥാർഥ്യം**

ഭൗതികം എന്നതിന്റെ വിപരീതമാണ് ആത്മീയം. ഇതനുസരിച്ച് പരിസ്ഥിതിയിൽ ഭൗതികമായി ദൃശ്യമാവാത്ത ആശയങ്ങളാണ് ആത്മീയം എന്നതിന്റെ വിവക്ഷ. ഒരു ചിത്രകാരൻ വരയ്ക്കുന്ന ചിത്രം അത് വരയ്ക്കാൻ ഉപയോഗിച്ച പദാർത്ഥങ്ങളേക്കാളും വർണങ്ങളേക്കാളും വരകളേക്കാളും ആശയങ്ങളും മാനങ്ങളും പ്രകാശിപ്പിക്കുന്ന പോലെ, ഒരാൾ തന്റെ സുഹൃത്തിന് കൈമാറുന്ന പാരിതോഷികം അതിന്റെ ഭൗതിക മൂല്യത്തേക്കാൾ കവിഞ്ഞുനിൽക്കുന്നപോലെ, പരിസ്ഥിതിയുടെ ഭൗതിക ഭാവത്തേക്കാൾ പ്രകടവും പ്രധാനവുമാണ് അതിന്റെ ആത്മീയ മൂല്യം. ഭൗതിക പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും അവയുടെ ഭൗതിക മാനങ്ങളേക്കാൾ കവിഞ്ഞ ധാരാളം മാനങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. ഇവയേയാണ് നാം പരിസ്ഥിതിയുടെ ആത്മീയ-സാംസ്കാരിക യാഥാർഥ്യമെന്ന് പരിചയപ്പെടുത്തുന്നത്.

ഖുർആനും ഹദീസും പ്രകാരം പരിസ്ഥിതിയ്ക്ക് ഭൗതികാതീതമായ മാനങ്ങളും ആത്മീയാർഥങ്ങളുമുണ്ട്. ഈ അർഥാശയങ്ങൾക്കനുസൃതമായാണ് മനുഷ്യർ അതുമായി ഇടപഴകേണ്ടത്. ഒരേസമയം ഭൗതികവും ആത്മീയവുമായ മാധ്യമങ്ങളിലൂടെ അതിന്റെ യാഥാർഥ്യങ്ങൾ ഗ്രഹിക്കാൻ ശ്രമിക്കുകയാണ് ആദ്യമായി വേണ്ടത്. അപ്പോൾ പഞ്ചേന്ദ്രിയങ്ങളിലൂടെ അതിന്റെ ഭൗതിക യാഥാർഥ്യവും മാനസിക ശക്തിയിലൂടെ അതിന്റെ ആത്മീയയാഥാർഥ്യവും അനാവൃതമാവും. രണ്ടും ചേരുമ്പോൾ സമഗ്രമായ കാഴ്ചപ്പാട് ഉരുത്തിരിയും. അറിവിന്റെ സവിശേഷമായ രീതിശാസ്ത്രമാണ് ഇതിലൂടെ ദൈവിക സന്മാർഗം നമ്മുടെ മുമ്പിൽ തുറന്നുവെക്കുന്നത്.

പരിസ്ഥിതിയുടെ യാഥാർഥ്യം സംബന്ധിച്ച് ഇസ്‌ലാം നൽകുന്ന കാഴ്ചപ്പാടനുസരിച്ച് അതിന്ന് ഭൗതിക മാനത്തിനപ്പുറം ആത്മീയമാനമുണ്ട്. ബാഹ്യമായി വീക്ഷിക്കുമ്പോൾ പ്രകൃതി ഭൗതികം മാത്രമാണ്. യഥാർഥത്തിൽ അങ്ങനെയല്ല. അതിൽ ആത്മീയ മൂല്യങ്ങൾ ഇഴചേർന്നിരിക്കുന്നു. ഈ വശം അതിന്റെ യാഥാർഥ്യം മനസ്സിലാക്കുമ്പോഴും അതുമായി ഇടപഴകുമ്പോഴും നാം പരിഗണിക്കണം. ഈ ആത്മീയ മൂലകങ്ങളെ പരിസ്ഥിതിയിലെ വിവിധ ഭാവങ്ങളിൽ തെളിയുന്ന ദൈവിക പ്രകാശനവുമായി ബന്ധപ്പെട്ട ആദർശമാനം, പരിസ്ഥിതിയിൽ തെളിയുന്ന സൗന്ദര്യമാനം എന്നിങ്ങനെ രണ്ടായി തിരിക്കാം. (ദൈവിക പ്രകാശനം എന്നതിന്റെ വിവക്ഷ, പ്രപഞ്ചവസ്തുക്കളിൽ അല്ലാഹു സത്താപരമായിത്തന്നെ അവതരിക്കുന്നു എന്ന സൂഫീ കാഴ്ചപ്പാടല്ല. പ്രത്യുത, പ്രകൃതിയിലെ എല്ലാ സൃഷ്ടികളിലും അല്ലാഹുവിന്റെ നിർമാണ കൗശലവും വ്യവസ്ഥയും തെളിയുന്നു എന്ന അർഥത്തിലാണ്).

പരിസ്ഥിതിയെ വിശദീകരിക്കുന്ന ഖുർആനും ഹദീസും അതിന്റെ ഭൗതിക യാഥാർഥ്യങ്ങൾക്കപ്പുറം ആത്മീയ മാനങ്ങളെയും ആശയങ്ങളെയും അനാവരണം ചെയ്യുന്നവയാണ്. ഈ യാഥാർഥ്യങ്ങൾക്കനുസൃതമായാവണം മനുഷ്യൻ അതുമായി ഇടപഴകുന്നത്. പഞ്ചേന്ദ്രിയങ്ങളിലൂടെ പരിസ്ഥിതിയുടെ ഭൗതിക യാഥാർഥ്യവും മാനസിക ശക്തിയിലൂടെ ആത്മീയ യാഥാർഥ്യവും കണ്ടെത്തണം. അപ്പോൾ മാത്രമെ അതിന്റെ സമഗ്രമായ യാഥാർഥ്യം അനാവൃതമാവൂ. പരിസ്ഥിതിയെ ബാഹ്യമായി വീക്ഷിച്ചാൽ അത് നിർജീവമാണെന്നു തോന്നാം. എന്നാൽ അത് സജീവവും ആത്മീയ പ്രഭാവമുള്ളതുമാണെന്നും കാണാം. അതായത്, ഒരേസമയം പരിസ്ഥിതിയുടെ പിന്നിലെ ദൈവികതയും അതിൽ നിക്ഷിപ്തമായ സൗന്ദര്യമാനവും തെളിഞ്ഞുവരുന്നതായി കാണാം.

**പരിസ്ഥിതിയുടെ ആദർശപരമായ മാനം**

ബൃഹത് പ്രപഞ്ചത്തിന്റെ ഭാഗമായി പരിസ്ഥിതി സ്വന്തം നിലയിൽ നിലനിൽക്കുകയല്ല. അതിന്റെ തുട

ക്കവും തുടങ്ങിയ ശേഷവുമുള്ള നിലനിൽപും തുടർച്ചയും തഥൈവ. എല്ലാ നിലയിലും തീർത്തും വ്യത്യസ്തമായ ഒരു അസ്തിത്വത്തിന്റെ സൃഷ്ടി പ്രതിഫലനമാണ് പരിസ്ഥിതി. അതിനെ ആദ്യമായി സൃഷ്ടിച്ച അഭൗതിക അസ്തിത്വമായ അല്ലാഹുവാണ് അതിന്റെ ആദികാരണം.

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ يُدَبِّرُ ٱلْأَمْرَ ۖ

'ആകാശങ്ങളെയും ഭൂമിയെയും ആറ് നാളുകളിലായി സൃഷ്ടിച്ചവൻ. പിന്നെ അവൻ സിംഹാസനത്തിൽ ഉപവിഷ്ടനായി. അവൻ കാര്യം നിയന്ത്രിക്കുന്നു' (യൂനുസ്:3).

പരിസ്ഥിതി പഞ്ചേന്ദ്രിയാധീനവും, അദൃശ്യമായ ദൈവാസ്തിത്വം പഞ്ചേന്ദ്രിയാതീതവുമാണെങ്കിലും അദൃശ്യാസ്തിത്വമുള്ള അല്ലാഹുവിന്റെ സൃഷ്ടിസാന്നിധ്യം പഞ്ചേന്ദ്രിയാധീനമായ പരിസ്ഥിതി പ്രതലത്തിൽ നമുക്ക് തെളിഞ്ഞു കാണാൻ കഴിയും. പരിസ്ഥിതിയിലെ ചെറുതും വലുതുമായ എല്ലാറ്റിലും അദൃശ്യാസ്തിത്വത്തിന്റെ സാക്ഷ്യപത്രമുണ്ട്. അവയെല്ലാം പരിസ്ഥിതി ഭൗതികമാത്രമല്ലെന്ന് സ്ഥാപിക്കുന്നു. ചുരുക്കത്തിൽ പരിസ്ഥിതിയ്ക്ക് രണ്ട് യാഥാർഥ്യങ്ങളുണ്ട്. ഒന്ന്, പഞ്ചേന്ദ്രിയാധീനമായ ഭൗതികമാനം. രണ്ട്, മനഃശക്തിയിലൂടെ കണ്ടെത്താവുന്ന ആത്മീയമാനം. ഇവരണ്ടും അവിഛേദ്യമായ ഒരു ഏകകമാണ്. പ്രകൃതിയിലെ ഏതുമായി ബന്ധപ്പെടുമ്പോഴും ഈ രണ്ടുമാനങ്ങളും വിശ്വാസികളെ സംബന്ധിച്ചേടത്തോളം പ്രധാനമാണ്.

ഖുർആനും ഹദീസും പരിസ്ഥിതിയുടെ വിശ്വാസപരമായ മാനം ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. അതേക്കുറിച്ച് സംഗ്രഹിച്ചോ വിശദമായോ ചർച്ച ചെയ്യുമ്പോഴെല്ലാം ഏതെങ്കിലും തരത്തിൽ വിശ്വാസപരമായ ആശയം പരാമർശിക്കപ്പെടുന്നുണ്ട്. അതിന്റെയർഥം, വിശ്വാസവശം ഇടക്കു കയറി വരുന്ന ആശയമല്ല, പ്രത്യുത, അതിന്റെ സഹജവശമാണെന്നാണ്. ഉദാഹരണമായി കാണുക

إِنَّ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ لَـَٔايَـٰتٍ لِّلْمُؤْمِنِينَ ﴿٣﴾ وَفِى خَلْقِكُمْ وَمَا يَبُثُّ مِن دَآبَّةٍ ءَايَـٰتٌ لِّقَوْمٍ يُوقِنُونَ ﴿٤﴾ وَٱخْتِلَـٰفِ ٱلَّيْلِ وَٱلنَّهَارِ وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ مِن رِّزْقٍ فَأَحْيَا بِهِ ٱلْأَرْضَ بَعْدَ مَوْتِهَا وَتَصْرِيفِ ٱلرِّيَـٰحِ ءَايَـٰتٌ لِّقَوْمٍ يَعْقِلُونَ ﴿٥﴾

'തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലും വിശ്വാസികൾക്ക് പലദൃഷ്ടാന്തങ്ങളുമുണ്ട്. നിങ്ങളുടെ സൃഷ്ടിപ്പിലും ജന്തുജാലങ്ങളെ അവൻ വിന്യസിക്കുന്നതിലുമുണ്ട് ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളും. രാവും പകലും മാറിമാറി വരുന്നതിലും, അല്ലാഹു ആകാശത്തുനിന്ന് ഉപജീവനം ഇറക്കി അതുമുഖേന ഭൂമിക്ക് അതിന്റെ നിർജീവാവസ്ഥയ്ക്ക് ശേഷം

**പരിസ്ഥിതി പഞ്ചേന്ദ്രിയാധീനവും, അദൃശ്യമായ ദൈവാസ്തിത്വം പഞ്ചേന്ദ്രിയാതീതവുമാണെങ്കിലും അദൃശ്യാസ്തിത്വമുള്ള അല്ലാഹുവിന്റെ സൃഷ്ടിസാന്നിധ്യം പഞ്ചേന്ദ്രിയാധീനമായ പരിസ്ഥിതി പ്രതലത്തിൽ നമുക്ക് തെളിഞ്ഞു കാണാൻ കഴിയും. പരിസ്ഥിതിയിലെ ചെറുതും വലുതുമായ എല്ലാറ്റിലും അദൃശ്യാസ്തിത്വത്തിന്റെ സാക്ഷ്യപത്രമുണ്ട്. അവയെല്ലാം പരിസ്ഥിതി ഭൗതികമാത്രമല്ലെന്ന് സ്ഥാപിക്കുന്നു. ചുരുക്കത്തിൽ പരിസ്ഥിതിയ്ക്ക് രണ്ട് യാഥാർഥ്യങ്ങളുണ്ട്. ഒന്ന്, പഞ്ചേന്ദ്രിയാധീനമായ ഭൗതികമാനം. രണ്ട്, മനഃശക്തിയിലൂടെ കണ്ടെത്താവുന്ന ആത്മീയമാനം. ഇവരണ്ടും അവിഛേദ്യമായ ഒരു ഏകകമാണ്. പ്രകൃതിയിലെ ഏതുമായി ബന്ധപ്പെടുമ്പോഴും ഈ രണ്ടുമാനങ്ങളും വിശ്വാസികളെ സംബന്ധിച്ചേടത്തോളം പ്രധാനമാണ്.**

ജീവൻ നൽകിയതിലും, കാറ്റുകളുടെ ഗതിനിയന്ത്രണത്തിലും ചിന്തിച്ചുമനസ്സിലാക്കുന്ന ആളുകൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്' (ജാസിയഃ3-5) പരിസ്ഥിതിക്കാഴ്ചകളുടെ അളവും തരവും മേൽ രണ്ടുതരം മാനങ്ങളോടെയുമാണ് മുൻ സൂക്തങ്ങൾ പ്രകാശിപ്പിക്കുന്നത്.

**ദൈവികതയ്ക്ക് പരിസ്ഥിതിയുടെ സാക്ഷ്യം**

പരിസ്ഥിതിയിലെ കാഴ്ചകളെ ദൈവികതയുടെ സാക്ഷ്യങ്ങളായിട്ടാണ് ഖുർആൻ അവതരിപ്പിക്കുന്നത്. അവ ചലിക്കുമ്പോഴും നിശ്ചലമാവുമ്പോഴും, ഒറ്റയ്ക്കും കൂട്ടായും, അളവിലും തരത്തിലുമെല്ലാം ദൈവിക സാന്നിധ്യം അനുഭവച്ചറിയാൻ കഴിയും. ഖുർആനിലും ഹദീസിലും ഇത് അല്ലാഹുവിന്റെ അസ്തിത്വത്തിന്റെയും, അവന്റെ ഗുണങ്ങളുടെയും സാക്ഷ്യം എന്ന നിലയിലാണ് പ്രകാശിതമാവുന്നത്.

**അല്ലാഹുവിന്റെ അസ്തിത്വത്തിന്റെ സാക്ഷ്യം എന്ന നിലയിൽ**

ഇസ്ലാമിക കാഴ്ചപ്പാടിൽ പരിസ്ഥിതിയുടെ ഭൗതിക പ്രതിഭാസം അല്ലാഹുവിന്റെ ആസ്തിക്യം സ്ഥാപിക്കുന്നു. ഇതനുസരിച്ച് വീക്ഷിക്കുമ്പോൾ പരിസ്ഥിതി അല്ലാഹുവിന്റെ ആസ്തിക്യത്തെ മാത്രം പ്രകാശിപ്പിക്കാനുള്ളതാണെന്ന് തോന്നും. അതായത്, അതിന്റെ അസ്തിത്വം അവന്റെ അസ്തിത്വവുമായി സദാ ചേർത്തുവായിക്കപ്പെടുന്നു. അതിന്റെ തുടക്കം, അത് കടന്നുപോകുന്ന മാറ്റത്തിന്റെ ചലനങ്ങൾ, അത് സഞ്ചരിക്കുന്ന ലക്ഷ്യം മുതലായവയിലെല്ലാം കാഴ്ചക്കാരൻ കാണാതെ



യും, സങ്കൽപിക്കുന്നയാൾക്ക് സങ്കൽപിക്കാൻ കഴിയാതെയും അല്ലാഹുവിന്റെ ആസ്തിക്യം അയാളുടെ കാഴ്ചയുടെയും ഭാവനയുടെയും ഭാഗമായിത്തന്നെയുണ്ടാവും.

പ്രപഞ്ചത്തിന്റെ അളവുപരമായ മാനങ്ങൾ മുൻനിർത്തിനോക്കുമ്പോൾ അതിൽ അല്ലാഹുവിന്റെ അസ്തിത്വസാന്നിധ്യം കാണാൻ കഴിയും.

وَمِنْ آيَاتِهِ خَلْقُ السَّمَاوَاتِ وَالْأَرْضِ وَمَا بَثَّ فِيهِمَا مِن دَابَّةٍ ۚ وَهُوَ عَلَىٰ جَمْعِهِمْ إِذَا يَشَاءُ قَدِيرٌ ﴿٢٩﴾

'ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതും അവരണ്ടിലും ജീവജാലങ്ങളെ വ്യാപിപ്പിച്ചതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. അവൻ ഉദ്ദേശിക്കുമ്പോൾ അവരെ ഒരുമിച്ചു കൂട്ടുവാൻ കഴിവുള്ളവനുമാണ് അവൻ' (ശൂറാ:29).

പ്രകൃതിയിലെ പ്രതിഭാസങ്ങളെ വെവ്വേറെ എടുത്തു പറഞ്ഞുകൊണ്ട് ഖുർആൻ വിശദീകരിക്കുന്നു:

أَفَرَأَيْتُمُ الْمَاءَ الَّذِي تَشْرَبُونَ ﴿٦٨﴾ أَأَنتُمْ أَنزَلْتُمُوهُ مِنَ الْمُزْنِ أَمْ نَحْنُ الْمُنزِلُونَ ﴿٦٩﴾ لَوْ نَشَاءُ جَعَلْنَاهُ أُجَاجًا فَلَوْلَا تَشْكُرُونَ ﴿٧٠﴾ أَفَرَأَيْتُمُ النَّارَ الَّتِي تُورُونَ ﴿٧١﴾ أَأَنتُمْ أَنشَأْتُمْ شَجَرَتَهَا أَمْ نَحْنُ الْمُنشِئُونَ ﴿٧٢﴾

'നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൽ നിന്ന് ഇറക്കിയത്? അതല്ല, നാമാണോ?.. നിങ്ങൾ ഉരസിക്കത്തിക്കുന്നതായ തീയെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അതിന്റെ മരം സൃഷ്ടിച്ചുണ്ടാക്കിയത്? അതല്ല നാമാണോ സൃഷ്ടിച്ചുണ്ടാക്കിയവൻ?' (വാഖിഅഃ 68-73) പ്രകൃതിയിലെ പാരിസ്ഥിതിക ഘടന മൊത്തം ഇണ സിദ്ധാന്തത്തിലധിഷ്ഠിതമാണ്.

وَمِن كُلِّ شَيْءٍ خَلَقْنَا زَوْجَيْنِ لَعَلَّكُمْ تَذَكَّرُونَ ﴿٤٩﴾

'എല്ലാ വസ്തുക്കളിൽ നിന്നും ഈരണ്ട് ഇണകളെ നാം സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുവാൻ വേണ്ടി' (ദാരിയാത്ത്:49,50).

ചുരുക്കത്തിൽ, പരിസ്ഥിതി അളവിലും തരത്തിലും അല്ലാഹുവിന്റെ അസ്തിത്വത്തെ പ്രകാശിപ്പിക്കുന്നു.

പരിസ്ഥിതിയിലെ അവസ്ഥകളും രൂപങ്ങളും മാറി മാറി വരുന്നതും അല്ലാഹുവിന്റെ സാന്നിധ്യത്തിന്റെ സാക്ഷ്യമാണ്. ഒരിടത്തുനിന്നു മറ്റൊരിടത്തേക്ക് മാറും വിധമുള്ള പരിസ്ഥിതിയിലെ ബാഹ്യമായ മാറ്റത്തിന് ഉദാഹരണമായി ഖുർആനിൽ കാണാം.

وَالشَّمْسُ تَجْرِي لِمُسْتَقَرٍّ لَّهَا ۚ ذَٰلِكَ تَقْدِيرُ الْعَزِيزِ الْعَلِيمِ ﴿٣٨﴾

'സൂര്യൻ അതിന് സ്ഥിരമായുള്ള ഒരു സ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. പ്രതാപിയും സർവജ്ഞനുമായ അല്ലാഹു കണക്കാക്കിയതാണത്' (യാസീൻ:38) ഒരു രീതിയിൽ നിന്ന് മറ്റൊരു രീതിയിലേക്ക് മാറും വിധം പരിസ്ഥിതിയിൽ ആഭ്യന്തരമായി നടക്കുന്ന മാറ്റത്തിന് ഖുർആൻ ഉദാഹരിക്കുന്നു:

أَلَمْ تَرَ أَنَّ اللَّهَ أَنزَلَ مِنَ السَّمَاءِ مَاءً فَتُصْبِحُ الْأَرْضُ مُخْضَرَّةً

അല്ലാഹു ആകാശത്തുനിന്ന് ജലം വർഷിക്കുന്നത് താങ്കൾ കാണുന്നില്ലേ? അപ്പോൾ ഭൂമി ഹരിതാഭമായിത്തീരുന്നു' (ഹജ്ജ്:63)

പരിസ്ഥിതിയിലെ ഏതൊരുചലനവും അല്ലാഹുവിന്റെ ആസ്തിക്യത്തിന്റെ സാക്ഷ്യമാണ്. ചലനം ആന്തരികമോ ബാഹ്യമോ ആയാലും അവയിലെല്ലാം അല്ലാഹുവിന്റെ ആസ്തിക്യം സന്നിഹിതമായിരിക്കും. ഈ ചലനത്തിലൂടെ പ്രകൃതിയിൽ സംജാതമാകുന്ന ചലനത്തെ ആധാരമാക്കിയാണ് ഇബ്റാഹീം നബി(അ) സ്വജനതയോട് അല്ലാഹുവിന്റെ ആസ്തിക്യത്തെപ്പറ്റി വാചാലനായത് (അൻആം:75-78 കാണുക).

ഖുർആനിക വീക്ഷണത്തിൽ പ്രകൃതിയിലെ ഓരോ ഘടകവും അതിന്റേതായ നിശ്ചിത ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

رَبُّنَا الَّذِي أَعْطَىٰ كُلَّ شَيْءٍ خَلْقَهُ ثُمَّ هَدَىٰ

'ഞങ്ങളുടെ നാഥൻ എല്ലാ വസ്തുവിന്നും അതിന്റെ സൃഷ്ടി നൽകിയവനാണ്. പിന്നീട് അതിന്ന് അവൻ സന്മാർഗം നൽകി' (ത്വാഹാ:50) അതായത്, വസ്തുക്കളെ സൃഷ്ടിച്ചു, എന്തിന് വേണ്ടി അവ സൃഷ്ടിച്ചുവോ, അതിലേക്ക് അവയെ വഴികാണിച്ചു.(61) ഓരോ വസ്തുവും തനത് ലക്ഷ്യത്തോടൊപ്പം, എല്ലാ വസ്തുക്കളുടെയും കൂട്ടായ ലക്ഷ്യത്തിന്നായും അതുവഴി മനുഷ്യക്ഷേമത്തിന്നും നന്മക്കുമായും പ്രവർത്തിക്കുന്നു.

ٱلَّذِى جَعَلَ لَكُمُ ٱلْأَرْضَ فِرَٰشًا وَٱلسَّمَآءَ بِنَآءً وَأَنزَلَ
مِنَ ٱلسَّمَآءِ مَآءً فَأَخْرَجَ بِهِۦ مِنَ ٱلثَّمَرَٰتِ رِزْقًا لَّكُمْ

'നിങ്ങൾക്കുവേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു തന്നിട്ട് അതുമുഖേന നിങ്ങൾക്ക് ഭക്ഷിക്കാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്തവൻ' (ബഖറഃ22) പരിസ്ഥിതിയിലെ ഭാഗികവും സമഗ്രവുമായ രണ്ട് തരം സാന്നിധ്യവും ദൈവാസ്തിക്യത്തെ സാക്ഷ്യപ്പെടുത്തുന്നു. പരിസ്ഥിതിയിലെ ഏതൊരു ചിത്രവും മനസ്സിൽ തെളിയുമ്പോൾ അതോടൊപ്പം അല്ലാഹുവിന്റെ സാന്നിധ്യവും തെളിയുന്നു. ആധുനിക ശാസ്ത്രം പ്രപഞ്ചത്തിലെ ഈ പാരിസ്ഥിതിക താളൈക്യത്തെ ബലപ്പെടുത്തുന്നുണ്ട്. പ്രശസ്ത ഊർജ്ജതന്ത്രജ്ഞനായ Freenvan Dyson പറയുന്നു: 'പ്രപഞ്ചത്തെക്കുറിച്ച പഠനവും അതിന്റെ എഞ്ചിനീയറിംഗിന്റെ വിശദാംശങ്ങളെക്കുറിച്ച ഗവേഷണവും പുരോഗമിക്കും തോറും നാം കണ്ടെത്തിക്കൊണ്ടിരിക്കുന്ന വഴി പ്രപഞ്ചത്തിന് നേരത്തെ അറിയാമായിരുന്നു എന്നതിന് ധാരാളം തെളിവുകൾ കിട്ടിക്കൊണ്ടിരിക്കുന്നു.(62)

**ദൈവിക ഗുണങ്ങളുടെ സാക്ഷ്യം**

പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളിലും അല്ലാഹുവിന്റെ ആസ്തിക്യത്തിന്റെ സാക്ഷ്യങ്ങളുണ്ട്.

وفي كل شيء له آية تدل على أنه واحد

'എല്ലാ വസ്തുക്കളിലും അല്ലാഹു ഏകനാണെന്ന് തെളിയിക്കുന്ന ദൃഷ്ടാന്തമുണ്ട്'. പ്രകൃതിയിലെ പാരിസ്ഥിതിക കാഴ്ചകളിൽ അല്ലാഹുവിന്റെ ഗുണവിശേഷണങ്ങൾ തെളിഞ്ഞുകാണാം. എങ്കിലും ഇവയിൽ ഏറ്റവും തെളിഞ്ഞുകാണുന്നത് അല്ലാഹുവിന്റെ ഏകത്വം എന്ന ഗുണമാണ്. അല്ലാഹുവിന്റെ ഏകത്വത്തെ വായനക്കാരന്റെ മനസ്സിൽ ശക്തമായി പതിപ്പിക്കും വിധമാണ് ഖുർആൻ അവ പരാമർശിച്ചിരിക്കുന്നത്. അല്ലാഹു എന്ന വിശ്വാസപരമായ യാഥാർഥ്യത്തെ പരിസ്ഥിതിയുടെ ഭൗതിക രൂപവുമായി അവിഛേദ്യമാം വിധം വിളക്കിച്ചേർക്കും വിധമാണ് ഖുർആനിലെ തദ്വിഷയകമായ അവതരണം. താഴെ സൂക്തം കാണുക: 'തട്ടുതട്ടായി ഏഴുവാനങ്ങൾ സൃഷ്ടിച്ചവൻ കരുണാമയനായ ദൈവത്തിന്റെ സൃഷ്ടികർമത്തിൽ താങ്കൾ യാതൊരു ഏറ്റക്കുറച്ചിലും കാണുന്നതല്ല. വീണ്ടും നോക്കുക, എവിടെയെങ്കിലും വല്ല കോട്ടവും കാണുന്നുണ്ടോ?' (മുൽക്:3) പ്രകൃതിയിലെ ആകാശ-ഭൂമികളെക്കുറിച്ച് മൊത്തമായിത്തന്നെ പഠിച്ചു നോക്കിയാൽ ഓരോ അണുവിലും ദൈവികവും ഭൗതികവുമായ സാന്നിധ്യം സമ്മേളിച്ചു നിൽക്കുന്നതായി കാണാം. പ്രപഞ്ചത്തിനു പിന്നിൽ ഒരു ദൈവമുണ്ട് എന്നതിനുമാത്രമല്ല, ഒന്നിലധികം ദൈവങ്ങളില്ല എന്നതിനും ഒരേസമയം പ്രപഞ്ചം സാക്ഷിയാണെന്ന് വ്യക്തം.

**പാരിസ്ഥിതിക സൗന്ദര്യത്തെ വസ്തുതാ യാഥാർഥ്യമായി ചിത്രീകരിക്കുമ്പോൾ അത് മനുഷ്യന്റെ വീക്ഷണത്തെയും സ്വാഭാവികമായും ഉയർത്തും. അതുവഴി സൗന്ദര്യമൂല്യം പരിസ്ഥിതിയുടെ സ്വത്വസവിശേഷതയായിമാറും. സൗന്ദര്യമെന്നത് ഭാവനാ സൃഷ്ടമായി പ്രകൃതിയോട് പുറമെനിന്ന് ചേർക്കപ്പെടുകയല്ല. ഇവരണ്ടും പരിസ്ഥിതി വിഷയകമായി ശിക്ഷണപരമായ മനഃസ്വാധീനം ചെലുത്തുന്നതിൽ പ്രയോഗിക്കുന്ന സമ്മർദ്ദം വ്യത്യസ്തമാണ്.**

പരിസ്ഥിതിക്കാഴ്ചകളുമായി ബന്ധപ്പെട്ട ഏകത്വത്തിന്റെ ആശയങ്ങളിലൊന്നാണ് അല്ലാഹുവിന്റെ അധികാരത്തിന്റെ ഏകത്വം. എല്ലാറ്റിനെയും എന്നപോലെ പരിസ്ഥിതിയെയും ചൂഴ്ന്നു നിൽക്കുന്നത് അല്ലാഹുവിന്റെ അധികാരമാണ്.

لِلَّهِ مُلْكُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا فِيهِنَّ

'ആകാശങ്ങളുടെയും ഭൂമിയുടെയും അവയിലുള്ളവയുടെയും അധികാരം അല്ലാഹുവിന്നാകുന്നു' (മാഇദഃ 120) പ്രപഞ്ചത്തിലെയും അതിന്റെ അവിഭാജ്യാംശമായ പരിസ്ഥിതിയുടെയും ഉടമ അല്ലാഹുവാകുന്നു. അതിൽ മനുഷ്യനുൾപ്പെടെ ആർക്കും പങ്കില്ല. വിശ്വസ്തനായ പ്രതിനിധി എന്നതായിരിക്കണം മനുഷ്യന്റെ സാക്ഷാൽ നിലപാട്. യഥാർത്ഥ ഉടമയുടെ യഥാർഥ താൽപര്യമനുസരിച്ച് വിശ്വസ്തതാ പൂർവമായിരിക്കണം അവന്റെ എല്ലാ പാരിസ്ഥിതിക നിലപാടുകളും.

وَأَنفِقُوا۟ مِمَّا جَعَلَكُم مُّسْتَخْلَفِينَ فِيهِ

'നിങ്ങളെ പ്രതിനിധികളാക്കിയവയിൽ നിന്ന് നിങ്ങൾ ചെലവഴിക്കുക' (ഹദീദ്:7) എന്ന സൂക്തം മേൽ ആശയം ധ്വനിപ്പിക്കുന്നുണ്ട്. 'ഒരു ധനികന്റെ ഖജനാവ് സൂക്ഷിപ്പുകാരൻ ഉടമയുടെ താൽപര്യം പരിഗണിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥനായതുപോലെയാവണം അല്ലാഹു വിശ്വസിച്ചേൽപിച്ചത് മനുഷ്യൻ കൈകാര്യം ചെയ്യാൻ.(63)

പരിസ്ഥിതിയുടെ മേലുള്ള യഥാർത്ഥ ഉടമാവകാശം അല്ലാഹുവിന്ന് മാത്രമായതിനാൽ അതിന്മേലുള്ള പ്രാതിനിധ്യാവകാശം പൊതുവാണ്, ഏതെങ്കിലും വ്യക്തികൾക്ക് അത് സ്വന്തമാക്കാവതല്ല.

المسلمون شركاء في ثلاث: في الكلأ والماء والنار

'മുസ്ലിംകൾ മൂന്നെണ്ണത്തിൽ പങ്കാളികളാണ്. പുല്ല്, വെള്ളം, തീ.(64)

പ്രകൃതിയിലെ എല്ലാം അല്ലാഹുവിന്റെ നിയന്ത്രണത്തിലാണെന്ന കണിശമായ തത്ത്വമാണ് ഹദീസിന്റെ ആശയം.

പ്രകൃതിയിലെ എല്ലാം അല്ലാഹുവിന്ന് മാത്രമായി ദാസ്യപ്പണി ചെയ്യുകയാണെന്നതാണ് മറ്റൊരു ഖുർആനികാശയം. എല്ലാം അല്ലാഹുവിന്ന് മാത്രം ഇബാദത്ത് ചെയ്യുന്നു. അതുവഴി ദൈവികനിയമത്തിന് വിധേയമാകുന്നു എന്ന അർത്ഥത്തിലും. ഉദാഹരണം:

أَلَمْ تَرَ أَنَّ ٱللَّهَ يُسَبِّحُ لَهُۥ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱلطَّيْرُ صَٰٓفَّٰتٍ ۖ

'ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരും ചിറക് വിടർത്തിപറക്കുന്ന പറവകളുമെല്ലാം അല്ലാഹുവിനെ പ്രകീർത്തിക്കുന്നത് നിങ്ങൾ കാണുന്നില്ലയോ?'(നൂർ:41)

അല്ലാഹുവിന്നുവേണ്ടി കൈകാര്യം ചെയ്യാൻ മാത്രമായാണ് അവ സൃഷ്ടിക്കപ്പെട്ടത് എന്ന അർത്ഥത്തിലുമാണ്

وَٱلَّذِى خَلَقَ ٱلْأَزْوَٰجَ كُلَّهَا وَجَعَلَ لَكُم مِّنَ ٱلْفُلْكِ وَٱلْأَنْعَٰمِ مَا تَرْكَبُونَ ﴿١٢﴾ لِتَسْتَوُۥا۟ عَلَىٰ ظُهُورِهِۦ ثُمَّ تَذْكُرُوا۟ نِعْمَةَ رَبِّكُمْ إِذَا ٱسْتَوَيْتُمْ عَلَيْهِ وَتَقُولُوا۟ سُبْحَٰنَ ٱلَّذِى سَخَّرَ لَنَا هَٰذَا وَمَا كُنَّا لَهُۥ مُقْرِنِينَ ﴿١٣﴾ وَإِنَّآ إِلَىٰ رَبِّنَا لَمُنقَلِبُونَ ﴿١٤﴾

'...ഇണകളെയെല്ലാം സൃഷ്ടിച്ചവൻ, കപ്പലുകളെയും കാലികളെയും നിങ്ങൾക്ക് വാഹനമാക്കിത്തന്നവൻ - നിങ്ങൾ അതിന്റെ പുറത്ത് കയറുന്നതിന്നും, അതിന്മേൽ ഇരുന്ന് കഴിഞ്ഞാൽ റബ്ബിന്റെ ഔദാര്യം സ്മരിച്ചുകൊണ്ട് ഇപ്രകാരം വാഴ്ത്തുന്നതിന്നും: ഈ വസ്തുക്കളെ നമുക്ക് കീഴ്പ്പെടുത്തിത്തന്നവൻ എത്ര പരിശുദ്ധൻ! അവന്റെ അനുഗ്രഹമില്ലായിരുന്നുവെങ്കിൽ ഇവയെ മെരുക്കിയെടുക്കാൻ നമുക്ക് കഴിയുമായിരുന്നില്ല. നിശ്ചയം ഒരുനാൾ നമുക്ക് നമ്മുടെ റബ്ബിങ്കലേക്ക് മടങ്ങേണ്ടതുണ്ട്' (സുഖ്റുഫ്:12-14)

ചുരുക്കത്തിൽ, ദൈവിക നിയമത്തിന് വിധേയമാകുന്ന ഏകത്വദാസ്യവും, മനുഷ്യനുമായുള്ള അതിന്റെ ബന്ധവും പരിഗണിക്കുമ്പോൾ സത്യവിശ്വാസിയുടെ കണ്ണിൽ പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും പരിസ്ഥിതിയിലെ കാഴ്ചയാണ്, അതിന്റെ യാഥാർത്ഥ്യത്തിന്റെ ഭാഗമാണ്.

അല്ലാഹുവിന്റെ ഏകത്വം എന്ന ഗുണത്തോടൊപ്പം, പ്രകൃതിയിലെ ഭൗതിക ഘടകത്തെയും ആത്മീയ മൂല്യത്തെയും സംയോജിപ്പിച്ചുകൊണ്ട് വേറെയും ധാരാളം ദൈവിക ഗുണങ്ങളെ ഖുർആൻ പ്രകാശിപ്പിക്കുന്നുണ്ട്. പരിസ്ഥിതി യാഥാർഥ്യത്തെ മനുഷ്യ മനസ്സിൽ ആഴത്തിൽ പതിപ്പിക്കുകയാണ് അവയുടെ ഉദ്ദേശ്യം. ഉദാഹരണം:

وَٱللَّهُ خَلَقَ كُلَّ دَآبَّةٍ مِّن مَّآءٍ ۖ فَمِنْهُم مَّن يَمْشِى عَلَىٰ بَطْنِهِۦ وَمِنْهُم مَّن يَمْشِى عَلَىٰ رِجْلَيْنِ وَمِنْهُم مَّن يَمْشِى عَلَىٰٓ أَرْبَعٍ ۚ يَخْلُقُ ٱللَّهُ مَا يَشَآءُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٤٥﴾

'അല്ലാഹു സർവജീവജാലങ്ങളേയും ഒരേജലത്തിൽ നിന്ന് സൃഷ്ടിച്ചു. അവയിൽ ചിലത് അതിന്റെ ഉദരത്തിന്മേൽ നടക്കുന്നു. ചിലത് രണ്ട് കാലുകളിൽ നടക്കുന്നു. ചിലത് നാലുകാലുകളിൽ നടക്കുന്നു. അവൻ ഇച്ഛിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു സകല കാര്യങ്ങൾക്കും കഴിവുള്ളവനല്ലോ' (നൂർ:45) അല്ലാഹുവിന്റെ കാരുണ്യമെന്ന വിശേഷണത്തെ പ്രകാശിപ്പിക്കുന്ന സൂക്തങ്ങൾ മറ്റൊരു വക. ഉദാഹരണം:

وَمِن رَّحْمَتِهِۦ جَعَلَ لَكُمُ ٱلَّيْلَ وَٱلنَّهَارَ لِتَسْكُنُوا۟ فِيهِ وَلِتَبْتَغُوا۟ مِن فَضْلِهِۦ وَلَعَلَّكُمْ تَشْكُرُونَ ﴿٧٣﴾

'അവന്റെ കാരുണ്യത്തിൽ പെട്ടതാകുന്നു: എന്തെന്നാൽ, അവൻ നിങ്ങൾക്കായി രാപ്പകലുകൾ ഉണ്ടാക്കി (രാവിൽ) നിങ്ങൾ വിശ്രമം തേടുവാനും (പകലിൽ) റബ്ബിന്റെ അനുഗ്രഹം തേടുവാനും - നിങ്ങൾ നന്ദിയുള്ളവരായെങ്കിലോ' (ഖസ്വസ്:73). ഈദൃശ സൂക്തങ്ങളിലെല്ലാം പരിസ്ഥിതിയുടെ പ്രത്യക്ഷ ഭൗതിക മാനത്തോടൊപ്പം മൗലിക പ്രധാനമായ ആത്മീയമാനം ഉൾക്കൊള്ളിച്ചിരിക്കുന്നു. മേൽ രണ്ടു ഘടകങ്ങളും ഇസ്ലാമിക വീക്ഷണത്തിൽ അതീവ പ്രധാനം തന്നെയാണ്.

**പരിസ്ഥിതിയുടെ പാരത്രിക സാക്ഷ്യം**

ആത്മീയമാനത്തെ ശക്തിപ്പെടുത്താനായി പരിസ്ഥിതി യാഥാർത്ഥ്യത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന മൗലികമായ വിശ്വാസങ്ങളിലൊന്നാണ് പരലോക ജീവിതത്തിലെ പുനരുദ്ധാന വിശ്വാസം. ഭൗമ പരിസ്ഥിതിയിലെ വിവിധാവസ്ഥകൾ അവതരിപ്പിക്കുന്ന ഖുർആൻ, ഇഹലോകത്ത് ചില ജീവികളെ ബാധിക്കുന്ന അവസ്ഥാന്തരങ്ങൾ എടുത്ത് കാട്ടി മരണാനന്തര ജീവിതത്തിലേക്ക് ശ്രദ്ധയാകർഷിക്കുകയാണ് ഇതുവഴി. ആകാശം, ഭൂമി, സസ്യങ്ങൾ, ജീവികൾ, രാവ്, പകൽ തുടങ്ങി എല്ലാറ്റിലെയും പ്രകൃതിഭാവങ്ങളെയും അവസ്ഥകളെയും പ്രത്യക്ഷമായോ സൂചനാപരമായോ അവതരിപ്പിക്കുന്ന ഖുർആൻ, അന്ത്യനാളിൽ മനുഷ്യരെ പുനരുജ്ജീവിപ്പിക്കുന്നത് ദൃഷ്ടിയിൽ കാണാവുന്നവിധം അവതരിപ്പിക്കുന്നുണ്ട്.

പുനരുദ്ധാനമെന്ന ആശയത്തെ പാരത്രിക ദൃശ്യവുമായി ബന്ധപ്പെടുത്തുന്ന താഴെ സൂക്തം ശ്രദ്ധിക്കുക:

وَمِنْ ءَايَٰتِهِۦٓ أَنَّكَ تَرَى ٱلْأَرْضَ خَٰشِعَةً فَإِذَآ أَنزَلْنَا عَلَيْهَا ٱلْمَآءَ ٱهْتَزَّتْ وَرَبَتْ ۚ إِنَّ ٱلَّذِىٓ أَحْيَاهَا لَمُحْىِ ٱلْمَوْتَىٰٓ ۚ إِنَّهُۥ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٣٩﴾

'അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലൊന്ന് ഇതാകുന്നു: എന്തെന്നാൽ, ഭൂമി ചൈതന്യമറ്റു കിടക്കുന്നതായി നീ കാണുന്നു. പിന്നെ നാം അതിൽ മഴ വർഷിച്ചാലോ, പെട്ടെന്നതാ അത് ചലനം കൊള്ളുകയും വളർന്നുവികസിക്കുകയും ചെയ്യുന്നു. നിശ്ചയം, ഈ മൃതഭൂമിയെ സജീവമാക്കിയതാരോ, അവൻ മരിച്ചുപോയവരെയും ജീവിപ്പിക്കുന്നവനാകുന്നു. അവൻ സകല സംഗതികൾക്കും കഴിവുറ്റവനല്ലോ' (ഫുസിലത്ത്:39).

وَهُوَ ٱلَّذِى يُحۡىِۦ وَيُمِيتُ وَلَهُ ٱخۡتِلَٰفُ ٱلَّيۡلِ وَٱلنَّهَارِۚ أَفَلَا تَعۡقِلُونَ ﴿٨٠﴾

'ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും അവനാണ്. രാപ്പകലുകൾ മാറിമാറിവരുന്നതും അവനാൽതന്നെ. നിങ്ങൾ ചിന്തിക്കുന്നില്ലേ?' (മുഅ്മിനൂൻ:80). രാപ്പകലുകളുടെ ഗതി മാറ്റത്തെ, ജീവിപ്പിക്കുക, മരിപ്പിക്കുക എന്നതുമായി ചേർത്തുപറഞ്ഞിരിക്കുന്നു. കാരണം, രാപ്പകലുകളുടെ ഗതിമാറ്റം അല്ലാഹുവിന്റെ കഴിവിന്റെയും ജ്ഞാനത്തിന്റെയും വലിപ്പത്തെയും, ദൈവിക ഗുണങ്ങൾ അല്ലാഹുവിനു മാത്രമെയുള്ളൂ എന്ന യാഥാർഥ്യത്തെയും, പുനരുദ്ധാനം സംഭവിക്കുകതന്നെ ചെയ്യുമെന്ന സത്യത്തെയും വ്യക്തമാക്കുന്നു(65)

ഈ അർത്ഥത്തിൽ പ്രകൃതിയെയും പരിസ്ഥിതിയെയും നിരീക്ഷിക്കുന്ന ഒരു വിശ്വാസിയെ സംബന്ധിച്ചേടത്തോളം അവ അല്ലാഹുവിന്റെ ആസ്തിക്യം, അവന്റെ ഗുണവിശേഷങ്ങൾ എന്നിവക്കൊപ്പം പാരത്രിക ചിന്തകൂടി ഉണർത്തുന്നവയാണ്. ഒരേ യാഥാർത്ഥ്യത്തിന്റെ സമ്പൂർണമായ രണ്ടു മുഖങ്ങളാണ് ഇവിടെ തെളിയുന്നത്. ഒന്ന് പരിസ്ഥിതിയുടെ ഭൗതികമുഖം. മറ്റൊന്ന് അതിന്റെ ആത്മീയ മുഖം. ഇത് ഇസ്‌ലാമിന് മാത്രം അവകാശപ്പെടാൻ കഴിയുന്ന സവിശേഷതയാണ്. മറ്റ് മതങ്ങളിലോ സിദ്ധാന്തങ്ങളിലോ പരിസ്ഥിതിയെ ഈ ബഹുമുഖമാനങ്ങളോടെ കാണുന്നില്ല. പരിസ്ഥിതി യാഥാർത്ഥ്യത്തെ അവതരിപ്പിക്കുന്നേടത്തും, പാരിസ്ഥിതിക സമീപനം രൂപപ്പെടുത്തുന്നേടത്തും ഇസ്‌ലാം വേറിട്ടുതന്നെ നിൽക്കുന്നു.

**പരിസ്ഥിതിയുടെ സൗന്ദര്യമാനം**

പരിസ്ഥിതിയുടെ യാഥാർഥ്യം അനുഭവവേദ്യവും ഭൗതികവുമായ മാനത്തിലോ, അദൃശ്യവും വിശ്വാസപരവുമായ മാനത്തിലോ മാത്രം പരിമിതമല്ല. ആത്മീയ യാഥാർഥ്യം എന്നപോലെ, അത് സൗന്ദര്യമാനവും ഉൾക്കൊള്ളുന്നുണ്ട്. പരിസ്ഥിതിയുടെ സൗന്ദര്യമാനത്തെ ഖുർആൻ അത്യധികം താൽപര്യത്തോടെ അനാവരണം ചെയ്യുന്നുണ്ട്. പരിസ്ഥിതിയുടെ ഭൗതികവും പാരത്രികവുമായ ആശയമെന്ന പോലെ അതിന്റെ സൗന്ദര്യവസവും സമഗ്രാർഥത്തിൽ മനസ്സിൽ ദൃഢീകരിക്കും വിധമാണ് ഖുർആൻ അത് അവതരിപ്പിച്ചിരിക്കുന്നത്. ഖുർആനിലെ പരിസ്ഥിതി വിഷയകമായ ചിത്രീകരണം പരിശോധിച്ചാൽ അതിൽ സൗന്ദര്യം കേന്ദ്രീകരിച്ചതായി കാണാം. ഖുർആന്റെ പാരിസ്ഥിതിക സൗന്ദര്യ വിവരണത്തിൽ വസ്തുതാപരം, ആത്മീയാസ്വാദനം, വിശ്വാസപരമായ ഗുണപാഠം എന്നിവ പരിഗണിച്ചതായി കാണാം.

**അല്ലാഹുവിന്റെ ഏകത്വം എന്ന ഗുണമാണ്. അല്ലാഹുവിന്റെ ഏകത്വത്തെ വായനക്കാരന്റെ മനസ്സിൽ ശക്തമായി പതിപ്പിക്കും വിധമാണ് ഖുർആൻ അവ പരാമർശിച്ചിരിക്കുന്നത്. അല്ലാഹു എന്ന വിശ്വാസപരമായ യാഥാർഥ്യത്തെ പരിസ്ഥിതിയുടെ ഭൗതിക രൂപവുമായി അവിഛേദ്യമാം വിധം വിളക്കിച്ചേർക്കും വിധമാണ് ഖുർആനിലെ തദ്വിഷയകമായ അവതരണം. താഴെ സൂക്തം കാണുക: 'തട്ടുതട്ടായി ഏഴുവാനങ്ങൾ സൃഷ്ടിച്ചവൻ കരുണാമയനായ ദൈവത്തിന്റെ സൃഷ്ടികർമത്തിൽ താങ്കൾ യാതൊരു ഏറ്റക്കുറച്ചിലും കാണുന്നതല്ല. വീണ്ടും നോക്കുക, എവിടെയെങ്കിലും വല്ല കോട്ടവും കാണുന്നുണ്ടോ?' (മുൽക്:3) പ്രകൃതിയിലെ ആകാശ – ഭൂമികളെക്കുറിച്ച് മൊത്തമായിത്തന്നെ പഠിച്ചു നോക്കിയാൽ ഓരോ അണുവിലും ദൈവികവും ഭൗതികവുമായ സാന്നിധ്യം സമ്മേളിച്ചു നിൽക്കുന്നതായി കാണാം. പ്രപഞ്ചത്തിനു പിന്നിൽ ഒരു ദൈവമുണ്ട് എന്നതിനുമാത്രമല്ല, ഒന്നിലധികം ദൈവങ്ങളില്ല എന്നതിനും ഒരേസമയം പ്രപഞ്ചം സാക്ഷിയാണെന്ന് വ്യക്തം.**

**പാരിസ്ഥിതിക സൗന്ദര്യത്തിന്റെ വസ്തുതാപരത**

പാരിസ്ഥിതികയാഥാർഥ്യങ്ങളിലെ വസ്തുതാപരമായ ഒരു യാഥാർഥ്യമാണ് ഖുർആൻ ചിത്രീകരിക്കുന്ന പാരിസ്ഥിതിക സൗന്ദര്യം. ചില തത്ത്വശാസ്ത്രങ്ങൾ അംഗീകരിക്കുന്നതുപോലെ അതിനെ കേവല ഭാവനയായല്ല ഖുർആൻ കാണുന്നത്. (ഇത് നാം വഴിയെ വിവരിക്കുന്നുണ്ട്) പാരിസ്ഥിതിക സൗന്ദര്യത്തെ വസ്തുതായാഥാർഥ്യമായി ചിത്രീകരിക്കുമ്പോൾ അത് മനുഷ്യന്റെ വീക്ഷണത്തെയും സ്വാഭാവികമായും ഉയർത്തും. അതുവഴി സൗന്ദര്യമൂല്യം പരിസ്ഥിതിയുടെ സ്വത്വസവിശേഷതയായിമാറും. സൗന്ദര്യമെന്നത് ഭാവനാ സൃഷ്ടമായി പ്രകൃതിയോട് പുറകെനിന്ന് ചേർക്കപ്പെടുകയല്ല. ഇവരണ്ടും പരിസ്ഥിതി വിഷയകമായി ശിക്ഷണപരമായ മനഃസ്വാധീനം ചെലുത്തുന്നതിൽ പ്രയോഗിക്കുന്ന

**പരിസ്ഥിതിയുടെ യാഥാർഥ്യം അനുഭവവേദ്യവും ഭൗതികവുമായ മാനത്തിലോ, അദൃശ്യവും വിശ്വാസപരവുമായ മാനത്തിലോ മാത്രം പരിമിതമല്ല. ആത്മീയ യാഥാർഥ്യം എന്നപോലെ, അത് സൗന്ദര്യമാനവും ഉൾക്കൊള്ളുന്നുണ്ട്. പരിസ്ഥിതിയുടെ സൗന്ദര്യമാനത്തെ ഖുർആൻ അത്യധികം താൽപര്യത്തോടെ അനാവരണം ചെയ്യുന്നുണ്ട്. പരിസ്ഥിതിയുടെ ഭൗതികവും പാരത്രികവുമായ ആശയമെന്ന പോലെ അതിന്റെ സൗന്ദര്യവശവും സമഗ്രാർഥത്തിൽ മനസ്സിൽ ദൃഢീകരിക്കും വിധമാണ് ഖുർആൻ അത് അവതരിപ്പിച്ചിരിക്കുന്നത്.**

സമ്മർദ്ദം വ്യത്യസ്തമാണ്. വസ്തുതാപരവും യാഥാർഥ്യനിഷ്ഠവുമെന്ന മൂല്യത്തോടെ കൈകാര്യം ചെയ്യുന്നതും, കേവല ഊഹങ്ങൾ സൃഷ്ടിക്കുന്ന ഭാവനാപരമായ മൂല്യത്തോടെ കൈകാര്യം ചെയ്യുന്നതും തമ്മിലുള്ള വ്യത്യാസമാണ് ഈ അന്തരത്തിന് കാരണം.

പരിസ്ഥിതി സൗന്ദര്യത്തിന്റെ വസ്തുനിഷ്ഠത എന്ന ആശയത്തെ പ്രകാശിപ്പിക്കാനും ബലപ്പെടുത്താനുമായി ഖുർആൻ പരിസ്ഥിതിയിലെ വ്യത്യസ്ത സൗന്ദര്യാവസ്ഥകളെ അവതരിപ്പിക്കുന്നുണ്ട്. പാരിസ്ഥിതിക കാഴ്ചകൾ നോക്കിക്കാണുന്ന ആളുടെ മനോധർമമല്ല പ്രത്യുത, ഏതവസ്ഥയിലുമുള്ള കാഴ്ചകളിൽ സ്വത്വസ്ഥായിയായ സൗന്ദര്യം ദൈവികമായി നമുക്ക് പകർന്നു കിട്ടുകയാണെന്നാണ് ഖുർആൻ സിദ്ധാന്തിക്കുന്നത്. അതുപോലെത്തന്നെ, അത് പുറമെനിന്ന് പ്രകൃതിയിൽ വെച്ചു കെട്ടുകയുമല്ല.

ഖുർആനിലെ ഈ വിഷയകമായ അവതരണം രണ്ട് അടിത്തറകളിൽ ഊന്നിയാണ് സ്ഥിതി ചെയ്യുന്നത്. ഒന്ന്, പരിസ്ഥിതികാഴ്ചകളുടെ അളവുപരമായ അവതരണം. അതായത്, പരിസ്ഥിതികാഴ്ചകളിലോരോന്നിലും സൗന്ദര്യമൂല്യം അടങ്ങിയിരിക്കുന്നു. പഴങ്ങൾ, പർവതങ്ങൾ, മനുഷ്യവ്യക്തികൾ, കാലികൾ മുതലായവ ഉദാഹരണം. ഖുർആൻ പറയുന്നു:

أَلَمْ تَرَ أَنَّ ٱللَّهَ أَنزَلَ مِنَ ٱلسَّمَآءِ مَآءً فَأَخْرَجْنَا بِهِۦ ثَمَرَٰتٍ مُّخْتَلِفًا أَلْوَٰنُهَا ۚ
وَمِنَ ٱلْجِبَالِ جُدَدٌۢ بِيضٌ وَحُمْرٌ مُّخْتَلِفٌ أَلْوَٰنُهَا وَغَرَابِيبُ سُودٌ ﴿٢٧﴾
وَمِنَ ٱلنَّاسِ وَٱلدَّوَآبِّ وَٱلْأَنْعَٰمِ مُخْتَلِفٌ أَلْوَٰنُهُۥ

'അല്ലാഹു ആകാശത്തുനിന്ന് മഴവർഷിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? എന്നിട്ട് അതുവഴി നാം, ഭിന്ന വർണ്ണങ്ങളിലുള്ള പതലരം ഫലങ്ങളുൽപാദിപ്പിക്കുന്നു. വെളുപ്പും ചുവപ്പും കടുംകറുപ്പുമായി ഭിന്ന വർണ്ണങ്ങളിലുള്ള ശിലാനിരകൾ പർവതങ്ങളിലും കണ്ടുവരുന്നു. ഇതേവിധം മനുഷ്യരുടേയും മൃഗങ്ങളുടെയും കന്നുകാലികളുടെയും നിറങ്ങളും വ്യത്യസ്തങ്ങളാകുന്നു. നിശ്ചയം, അല്ലാഹുവിന്റെ ദാസന്മാരിൽ ജ്ഞാനികൾ മാത്രമെ അവനെ ഭയപ്പെടുകയുള്ളൂ. അല്ലാഹു അജയ്യനും മാപ്പരുളുന്നവനുമാകുന്നു' (ഫാത്വിർ:27-28).

പരിസ്ഥിതി കാഴ്ചകളുടെ സ്ഥിതിയവസ്ഥാപരമായ അവതരണമാണ് രണ്ടാമത്തേത്. അതായത്, പരിസ്ഥിതിയിലെ ദൃശ്യങ്ങളുടെ മൂല്യം അവനിർമിതമായ ഭൗതിക പദാർഥങ്ങൾക്കപ്പുറം കടന്നുപോവുന്നതാണ്. പരിസ്ഥിതിയിലെ വസ്തുക്കളെ ഒറ്റക്കെടുത്തലും, വർഗങ്ങളായെടുത്താലും ഇത് തന്നെയാണ് കാണുക. പരിസ്ഥിയിലെ വസ്തുക്കൾ ഇണകളായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ശാന്തമായ ഭൂമിയിൽ നിന്ന് ഇണകളായി മുളച്ചുപൊന്തുന്ന സസ്യങ്ങൾ പരിസ്ഥിതിയുടെ സ്ഥിതിയവസ്ഥാപരമായ മനോഹരമായ സാന്നിധ്യമാണ്.

اهتَزَّت وَرَبَت وَانبَتَت مِن كلِّ زوج بَهِيج

'..അത് തുടികൊള്ളുന്നു, വളരുന്നു, കൗതുകമാർന്ന സകലയിനം ചെടികളെയും മുളപ്പിക്കുന്നു' (ഹജ്ജ്:5)

ആലയങ്ങളിൽ നിന്ന് മേച്ചിൽ പുറങ്ങളിലേക്കും അവിടെ നിന്ന് തിരിച്ചുമുള്ള കന്നുകാലികളുടെ പോക്കുവരവുകളുടെ സ്ഥിതിയവസ്ഥാപരമായ സൗന്ദര്യം ഖുർആൻ വിഷയമാക്കിയിട്ടുണ്ട്.

وَلَكُمْ فِيهَا جَمَالٌ حِينَ تُرِيحُونَ وَحِينَ تَسْرَحُونَ ﴿٦﴾

'അവയെ (കന്നുകാലികളെ) പ്രഭാതത്തിൽ മേയാൻ വിട്ടയക്കുമ്പോഴും വൈകുന്നേരം തിരിച്ചുവരുമ്പോഴും നിങ്ങൾക്കവയിൽ കൗതുകമുണ്ട്' (നഹ്ൽ:6)

وَٱلْخَيْلَ وَٱلْبِغَالَ وَٱلْحَمِيرَ لِتَرْكَبُوهَا وَزِينَةً ۚ وَيَخْلُقُ مَا لَا تَعْلَمُونَ

'നിങ്ങൾക്ക് സവാരി ചെയ്യുന്നതിന്നും നിങ്ങളുടെ ജീവിതം പകിട്ടുള്ളതാക്കാനുമായി അവൻ കുതിരകളെയും കോവർ കഴുതകളേയും കഴുതകളേയും സൃഷ്ടിച്ചുതന്നിരിക്കുന്നു. നിങ്ങൾ അറിയുകപോലും ചെയ്യാത്ത നിരവധി വസ്തുക്കളേയും അവൻ സൃഷ്ടിക്കുന്നു' (നഹ്ൽ:8)

സസ്യങ്ങൾ, മരങ്ങൾ, പഴങ്ങൾ, ജലവാഹിനികൾ,



പക്ഷികൾ, പൂമ്പാറ്റകൾ മുതലായവയെല്ലാം പരിസ്ഥിതിയുടെ നാനാവിധ സൗന്ദര്യാവിഷ്ക്കാരങ്ങളത്രെ.

وَأَنزَلَ لَكُم مِّنَ ٱلسَّمَآءِ مَآءً فَأَنۢبَتۡنَا بِهِۦ حَدَآئِقَ ذَاتَ بَهۡجَةٖ

'....അവൻ നിങ്ങൾക്കായി ആകാശത്തുനിന്ന് ജലം വർഷിക്കുകയും അതുവഴി സുന്ദരമായ തോട്ടങ്ങൾ വളർത്തുകയും ചെയ്തു...' (നംല്:60) ചുരുക്കത്തിൽ, പ്രകൃതിയെ അളവുപരമായും സ്ഥിതിയവസ്ഥാപരവുമായെടുത്താൽ എവിടെയും ഏതവസ്ഥയിലും സൗന്ദര്യം തുടിച്ചു നിൽക്കുന്നതായി ബോധ്യമാവും. പരിസ്ഥിതിയുടെ സ്വാഭാവികവും സഹജവുമായ സൗന്ദര്യത്തെയാണവ പ്രതിനിധീകരിക്കുന്നതെന്ന് മനസ്സിലാവും.

**പരിസ്ഥിതിയിലെ സൗന്ദര്യവിഭവം**

ഇസ്‌ലാമിക കാഴ്ചപ്പാടിൽ പരിസ്ഥിതി എന്നത് മനുഷ്യർക്ക് ഭൗതികമാത്രമായി ഉപയോഗപ്പെടുത്താനുള്ള വിഭവമല്ല. അത് മനുഷ്യന്റെ ആത്മീയ പോഷണത്തിനു കൂടിയുള്ളതാണ്. അദൃശ്യലോകങ്ങളെക്കുറിച്ച ശക്തമായ സൂചനകൾ കൂടി ഉൾക്കൊള്ളുന്നതിനാൽ മനുഷ്യനിലെ സഹജമായ 'പരമോന്നതലോക'ത്തെക്കുറിച്ചറിയാനുള്ള അവന്റെ ആഗ്രഹത്തെ അത് സഫലമാക്കുന്നുണ്ട്. മനുഷ്യനിലെ സൗന്ദര്യ താൽപര്യത്തെയും പരിസ്ഥിതി ശമിപ്പിക്കുന്നുണ്ട്. ഈ അർത്ഥത്തിൽ, ഖുർആനിക ചിത്രീകരണത്തിൽ പരിസ്ഥിതി വിവരണത്തിന് സൗന്ദര്യപരമായ മാനം കൂടിയുണ്ട്. 'സൗന്ദര്യ താൽപര്യപൂരണത്തിലൂടെ ആത്മീയ നിർവൃതി ബോധ്യമാകുന്ന' രീതിയിലാണ് ഖുർആൻ ഇത് സാധിച്ചിരിക്കുന്നത്.

ചില ഉദാഹരണങ്ങൾ കാണുക:

وَلَقَدۡ جَعَلۡنَا فِي ٱلسَّمَآءِ بُرُوجٗا وَزَيَّنَّٰهَا لِلنَّٰظِرِينَ ﴿١٦﴾

'ആകാശത്തിൽ നാം സുഭദ്രങ്ങളായ കോട്ടകൾ നിർമ്മിച്ചു. അതിനെ കാഴ്ചക്കാർക്കായി (നക്ഷത്രങ്ങളാൽ) അലങ്കരിച്ചു' (ഹിജ്റ്:16) പ്രകൃതിയെയും പരിസ്ഥിതിയെയും സൃഷ്ടിച്ചപ്പോൾ അല്ലാഹു ലക്ഷ്യനിഷ്ഠമായ സൗന്ദര്യം ദീക്ഷിച്ചതായി സൂക്തം വ്യക്തമാക്കുന്നു. നഹ്ൽ:6,8 സൂക്തങ്ങളും സൗന്ദര്യാസ്വാദനത്തിലൂടെ ആത്മീയ പോഷണം എന്ന സന്ദേശം പ്രദാനം ചെയ്യുന്നു. യാത്ര, ഭാരദ്വഹനം എന്നിവ സാധിക്കുന്നതോടൊപ്പം തന്നെ ജനങ്ങൾക്ക് സൗന്ദര്യപരമായ മാനം കൂടിയുണ്ടെന്ന് സാരം.

പാരിസ്ഥിതിക സൗന്ദര്യത്തെക്കുറിച്ച ഖുർആനിക വിവരണം കേവല ചിത്രീകരണം എന്ന നിലയിലല്ല. പ്രത്യുത, അതിലൂടെ ആത്മീയ പ്രയോജനം സാധ്യമാക്കുകയാണ്. പ്രകൃതിയിലെ അല്ലാഹുവിന്റെ ഔദാര്യം തേടുന്നതിനൊപ്പം അതിലെ സൗന്ദര്യാസ്വാദനത്തിന് പ്രേരിപ്പിക്കുകയാണ്. അല്ലാഹുവിന്റെ ഔദാര്യം പരിസ്ഥിതിയുടെ ഭൗതിക പ്രയോജനങ്ങളിലെന്നപോലെ ആത്മീയോപകാരങ്ങളിലും പ്രാപ്യമാണ്. ഇവയെല്ലാം തേടാൻ മനുഷ്യർ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അവയെ അവഗണിക്കുന്നത് അല്ലാഹുവെ വെറുക്കുന്നതിന് സമാനമാണ്. അവയെ ആഗ്രഹിക്കുന്നത് അല്ലാഹുവിന്റെ സാമീപ്യം തേടലാണ്.

وَهُوَ ٱلَّذِي سَخَّرَ ٱلۡبَحۡرَ لِتَأۡكُلُواْ مِنۡهُ لَحۡمٗا طَرِيّٗا وَتَسۡتَخۡرِجُواْ مِنۡهُ حِلۡيَةٗ تَلۡبَسُونَهَا وَتَرَى ٱلۡفُلۡكَ مَوَاخِرَ فِيهِ وَلِتَبۡتَغُواْ مِن فَضۡلِهِۦ وَلَعَلَّكُمۡ تَشۡكُرُونَ ﴿١٤﴾

'നിങ്ങൾക്ക് പുതുമാംസം എടുത്തുതിന്നുവാനും നിങ്ങൾക്കണിയാനുള്ള ആഭരണങ്ങൾ പുറത്തെടുക്കുവാനും പാകത്തിൽ കടലിനെ വിധേയമാക്കിയവനും അവൻ തന്നെ. കപ്പലുകൾ അതിലൂടെ വെള്ളം പിളർന്നു മാറ്റിക്കൊണ്ട് ഓടുന്നതും നിനക്ക് കാണാം. അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ തേടുവാനും നിങ്ങൾ

നന്ദികാണിക്കുവാനും വേണ്ടിയാണ്. (അവനത് നിങ്ങൾക്ക് വിധേയമാക്കിത്തന്നത്) (നഹ്ൽ:14)

സമുദ്രത്തിൽ നിന്ന് പുതുമാംസം ഭക്ഷിച്ചും, അതിലെ ആഭരണ സൗന്ദര്യം ആസ്വദിച്ചും അല്ലാഹുവിന്റെ ഔദാര്യം തേടേണ്ടതും അതിന്ന് നന്ദി പ്രകാശിപ്പിക്കേണ്ടതും മനുഷ്യരുടെ ബാധ്യതയാണെന്ന് ഈ സൂക്തം പഠിപ്പിക്കുന്നു. സൗന്ദര്യാസ്വാദനത്തെ വിലക്കുന്നവരോടുള്ള നീരസവും ഖുർആൻ പ്രകടിപ്പിച്ചിട്ടുണ്ട്.

قُلْ مَنْ حَرَّمَ زِينَةَ ٱللَّهِ ٱلَّتِىٓ أَخْرَجَ لِعِبَادِهِۦ وَٱلطَّيِّبَٰتِ مِنَ ٱلرِّزْقِ

'താങ്കൾ പറയുക: അല്ലാഹു തന്റെ ദാസന്മാർക്കായി ഉൽപ്പാദിപ്പിച്ച അവന്റെ അലങ്കാരത്തെയും വിശിഷ്ടമായ ആഹാരപദാർഥങ്ങളെയും നിഷിദ്ധമാക്കിയതാര്?' (അഅ്റാഫ്:32) ഇതിൽ നിന്നെല്ലാം നമുക്ക് ബോധ്യമാവുന്നത്, കേവലം ചിത്രീകരണം എന്ന നിലയിലല്ല, ആത്മീയാസ്വാദനം എന്ന നിലയിലാണ് പാരിസ്ഥിതിക സൗന്ദര്യത്തെ ചിത്രീകരിച്ചിട്ടുള്ളത് എന്നത്രെ.

**പാരിസ്ഥിതിക സൗന്ദര്യത്തിലെ വിശ്വാസപരമായ പാഠം.**

സൗന്ദര്യത്തിനും സൗന്ദര്യാസ്വാദനത്തിനും മനുഷ്യരെ ആത്മീയ ചക്രവാളത്തിലേക്കെന്നപോലെ ഭൗതികമായ അധമനിലവാരത്തിലേക്കുമെത്തിക്കാൻ കഴിയും. സൗന്ദര്യത്തെക്കുറിച്ച ഉപരിപ്ലവ വീക്ഷണം ഭൗതിക കാമനകളെ ഇളക്കിവിടും. അതേസമയം അതേക്കുറിച്ച ആന്തരചോദന ആത്മീയാനുഭൂതിപകരും. സൗന്ദര്യാസ്വാദനത്തെ ഭൗതികമായി ഉപയോഗപ്പെടുത്തുന്നതോടൊപ്പം ആത്മീയതലത്തിലേക്കുയർത്തുമ്പോഴാണ് തദ്വിഷയകമായ നമ്മുടെ നിലപാട് സന്തുലിതമാവുക. താഴെ സൂക്തത്തിന്റെ വിവക്ഷ അതാണ്.

إِنَّا جَعَلْنَا مَا عَلَى ٱلْأَرْضِ زِينَةً لَّهَا لِنَبْلُوَهُمْ أَيُّهُمْ أَحْسَنُ عَمَلًا ﴿٧﴾

'തീർച്ചയായും ഭൂമുഖത്തുള്ളതിനെ നാം അതിന് ഒരലങ്കാരമാക്കിയിരിക്കുന്നു. മനുഷ്യരിൽ ആരാണ് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നത് എന്ന് നാം പരീക്ഷിക്കുവാൻ വേണ്ടി' (കഹ്ഫ്:7).

പാരിസ്ഥിതിക സൗന്ദര്യം മനുഷ്യരെ സൽക്കർമങ്ങൾക്കെന്നപോലെ ദുഷ്കർമ്മങ്ങൾക്കും പ്രേരിപ്പിക്കാവുന്നതാണ്. അതിന്റെ ശരിയായ ലക്ഷ്യം കണ്ടെത്തി ഉപയോഗപ്പെടുത്തണമെന്ന് സാരം. ഇവിടെ പാരിസ്ഥിതിക സൗന്ദര്യത്തെ കേവല ഭൗതികമാനത്തിനപ്പുറം വിശ്വാസവുമായി കൂട്ടിയിണക്കിയാണ് പരാമർശിച്ചിരിക്കുന്നതെന്നത് ശ്രദ്ധേയമാണ്. ഖുർആനിൽ പാരിസ്ഥിതിക സൗന്ദര്യം മിക്കവാറും അല്ലാഹുവിന്റെ ശക്തി, പ്രതാപം, ഔദാര്യം, യുക്തി, ഇതര വിശ്വാസപരമായ ആശയങ്ങൾ എന്നിവ മുൻ നിർത്തിയാണ് പരാമർശിച്ചിരിക്കുന്നത്. 'തദ്വിഷയകമായ സൂക്തങ്ങൾ ദ്രഷ്ടാക്കളെ ആകർഷിക്കുന്നു. ചിന്തിക്കുന്നവർക്ക് വസ്തുക്കൾക്ക് പിന്നിലെ സ്രഷ്ടാവിനെ പറ്റി ബോധനം നൽകുന്നു. അവന്റെ പൂർണതയുടെയും യുക്തിയുടെയും നിർമാണത്തിന്റെയും ഗുണവിശേഷങ്ങൾ അവരെ പരിചയപ്പെടുത്തുന്നു'.(66)

മറ്റൊരു സൂക്തം കാണുക:

وَأَنزَلَ لَكُم مِّنَ ٱلسَّمَآءِ مَآءً فَأَنۢبَتْنَا بِهِۦ حَدَآئِقَ ذَاتَ
بَهْجَةٍ مَّا كَانَ لَكُمْ أَن تُنۢبِتُوا۟ شَجَرَهَآ ۗ أَءِلَٰهٌ مَّعَ ٱللَّهِ ۚ بَلْ هُمْ قَوْمٌ يَعْدِلُونَ

'അവൻ (അല്ലാഹു) നിങ്ങൾക്ക് ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നു. എന്നിട്ട് അത് (വെള്ളം)മൂലം കൗതുകമുള്ള ചില തോട്ടങ്ങൾ നാം മുളപ്പിച്ചുതന്നു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം വേറെവല്ല ദൈവവുമുണ്ടോ? അല്ല, അവർ വ്യതിചലിച്ചുപോകുന്ന ഒരു ജനതയാകുന്നു' (നംല്:60) തോട്ടങ്ങളുടെ സൗന്ദര്യം വ്യാജദൈവങ്ങളുടെ സൃഷ്ടിപരാജയത്തെയും അല്ലാഹുവിന്റെ ഏകത്വത്തെയും സൃഷ്ടി വൈദഗ്ധ്യത്തെയും പ്രകാശിപ്പിക്കുന്നു. ഫലങ്ങൾ കായ്ക്കുമ്പോൾ ദൃശ്യമാവുന്ന വൃക്ഷ സൗന്ദര്യത്തെക്കുറിച്ച് ഖുർആൻ പറയുന്നു:

ٱنظُرُوٓا۟ إِلَىٰ ثَمَرِهِۦٓ إِذَآ أَثْمَرَ وَيَنْعِهِۦٓ ۚ إِنَّ فِى ذَٰلِكُمْ لَءَايَٰتٍ لِّقَوْمٍ يُؤْمِنُونَ

'....അവയുടെ കായകൾ കായ്ച്ചു വരുന്നതും മൂപ്പെത്തുന്നതും നിങ്ങൾ നോക്കൂ. വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിലെല്ലാം ദൃഷ്ടാന്തങ്ങളുണ്ട്' (അൻആം:99) സമുന്നതമായ ആത്മീയ മൂല്യത്തിന് അനുയോജ്യമാംവിധം മനുഷ്യരുടെ മാനസിക നിലവാരമുയർത്തുകയാണ് ഈ വക സൂക്തങ്ങളിലൂടെ ഖുർആന്റെ ലക്ഷ്യം. മാനിന്റെ സൗന്ദര്യം അതിനെ അറുത്തുതിന്നാനും, മരത്തിന്റെ സൗന്ദര്യം മുറിച്ചുവിറകാക്കാനും മാത്രമുള്ളതല്ല.

أَفَرَءَيْتُمُ ٱلنَّارَ ٱلَّتِى تُورُونَ ﴿٧١﴾ ءَأَنتُمْ أَنشَأْتُمْ شَجَرَتَهَآ
أَمْ نَحْنُ ٱلْمُنشِـُٔونَ ﴿٧٢﴾ نَحْنُ جَعَلْنَٰهَا تَذْكِرَةً وَمَتَٰعًا لِّلْمُقْوِينَ

'നിങ്ങൾ ഉരസിക്കത്തിക്കുന്ന തീയിനെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അതിന്റെ മരം സൃഷ്ടിച്ചുണ്ടാക്കിയത്? അതല്ല നാമാണോ സൃഷ്ടിച്ചുണ്ടാക്കിയവൻ? നാം അതിനെ ഒരു ചിന്താവിഷയമാക്കിയിരിക്കുന്നു. ദരിദ്രരായ സഞ്ചാരികൾക്ക് ജീവിതത്തിന് സൗകര്യവും' (വാഖിഅഃ 71-73).

സൗന്ദര്യം ആത്മീയ മൂല്യമാണ്. അത് മനുഷ്യത്വത്തിന്റെ സമുന്നത തലങ്ങളിലേക്ക് നമ്മെ ഉയർത്തും അല്ലാഹുവെ കണ്ടെത്താൻ കഴിയുന്നതിനേക്കാൾ വലിയ മാനുഷിക വിതാനമുണ്ടോ?

വിവ: **അബ്ദുല്ലത്വീഫ് കൊടുവള്ളി**

**കുറിപ്പുകൾ**


٦١) ابن عاشور — التحرير والتنوير ٢٣٣/١٦
٦٢) روبرت أغروس وجورج ستاسيو/العلم في منظوره الجديد:٦٨
٦٣) ابن عاشور، التحرير والتنوير ٢٧: ٣٦٩
٦٤) أبوداود، كتاب البيوع
٦٥) ابن عاشور— التحرير والتنوير ١٠٥/١٨
٦٦) حسن الترابي، الدين والفنّ: ٨٧
٦٧) راجع في البعد الجمالي للبيئة: حسن الترابي، الدين والفنّ، حامد صادق قنيبي، الكون والإنسان في التصور الإسلامي